**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5087** **04-07-2024 - ൽ മറുപടിയ്ക്ക്**

**കെ-ടെറ്റ് പരീക്ഷയുടെ ഫീസ് ഘടന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ വകുപ്പ് പരീക്ഷാഭവൻ മുഖേന നടത്തുന്ന ടീച്ചേഴ്സ് എലിജിബിലിറ്റി ടെസ്റ്റ് (കെ-ടെറ്റ്) പരീക്ഷയുടെ ഫീസ് ഘടന എത്രയാണ്; നിലവിൽ ഇതുവരെ എത്ര പരീക്ഷകൾ നടത്തിയിട്ടുണ്ട്; ഇതുവരെ പരീക്ഷാ ഫീസിനത്തിൽ ലഭിച്ച തുക എത്രയാണ്; ഇത് കൈകാര്യം ചെയ്യുന്നത് ആരാണ്; ഏത് അക്കൗണ്ടിലേക്കാണ് ഈ തുക ലഭിക്കുന്നത്; വിശദമാക്കാമോ; | (എ) | കെ-ടെറ്റ് പരീക്ഷയ്ക്ക് ഓരോ വിഭാഗത്തിലും അപേക്ഷാഫീസ് 500/- (അഞ്ഞൂറ്) രൂപയാണ്. പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിനും ഭിന്നശേഷിയുള്ളവർക്കും ഫീസ് 250/- (ഇരുന്നൂറ്റി അൻപത്) രൂപ ആണ്. ആഗസ്റ്റ് 2023 വിജ്ഞാപന പ്രകാരമുള്ള പ്രത്യേക പരീക്ഷയിൽ ഓരോ കാറ്റഗറികളിലേക്കും പട്ടികജാതി / പട്ടികവർഗ്ഗത്തിനും ഭിന്നശേഷിയുള്ളവർക്കും അപേക്ഷ ഫീസ് 750/- (എഴുന്നൂറ്റി അൻപത്) രൂപയും മറ്റുള്ള വിഭാഗക്കാർക്ക് 1000/- (ആയിരം) രൂപയും ആക്കിയിരുന്നു. നിലവിൽ ഇതുവരെ 20 കെ-ടെറ്റ് പരീക്ഷകൾ നടത്തിയിട്ടുണ്ട്.<br><br>01.03.2012 തീയതിയിലെ G.O.(P) NO.70/12/G.Edn സർക്കാർ ഉത്തരവ് പ്രകാരം കെ-ടെറ്റ് പരീക്ഷ സംബന്ധിച്ച അക്കാദമിക് അതോറിറ്റിയായി എസ്.സി.ഇ.ആർ.ടി-യെ ചുമതലപ്പെടുത്തി. 25.06.2012-ലെ G.O.(Ms)No.205/12/G.Edn. പ്രകാരം പരീക്ഷാഭവനെ പരീക്ഷ നടത്താനുള്ള ഏജൻസിയായും സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. മത്സരാർത്ഥികൾ എസ്.സി.ഇ.ആർ.ടി. ഡയറക്ടറുടെ പേരിലുള്ള അക്കൗണ്ടിലേക്കാണ് പരീക്ഷ ഫീസ് അടയ്ക്കുന്നത്. ഇതുവരെ പരീക്ഷാ ഫീസ് ഇനത്തിൽ ലഭിച്ച തുക 85,77,02,960 /- (എൺപത്തി അഞ്ച് കോടി എഴുപത്തേഴ് ലക്ഷത്തി രണ്ടായിരത്തി തൊള്ളായിരത്തി അറുപത് രൂപ മാത്രം) ആണ്. |
| (ബി) | പ്രസ്തുത തുക എന്തൊക്കെ ആവശ്യങ്ങൾക്കാണ് ചെലവഴിക്കുന്നത്; ഇതുവരെ ചെലവഴിച്ച തുകയുടെ കണക്ക് ഇനം തിരിച്ച് ലഭ്യമാക്കുമോ; | (ബി) | 25-06-2012-ലെ G.O.(Ms) No.205/12/G.Edn. ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് കെ-ടെറ്റ് ഫണ്ട് വിനിയോഗിക്കുന്നത്. അതിൻപ്രകാരം കെ-ടെറ്റ് പരീക്ഷയുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും പരീക്ഷാ ഫീസ് ഇനത്തിൽ ലഭിക്കുന്ന തുകയിൽ നിന്നാണ് കണ്ടെത്തേണ്ടത്. പരീക്ഷാ ഭവൻ സെക്രട്ടറിയുടെ ആവശ്യാനുസരണമുള്ള തുക |

| | | | |
|---|---|---|---|
| | | | എസ്.സി.ഇ.ആർ.ടി ഡയറക്ടർ അഡ്വാൻസായി അനുവദിക്കുന്നതും ചെലവഴിച്ച തുക സംബന്ധിച്ച എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്, വൗച്ചറുകൾ ധനവിനിയോഗ പത്രം തുടങ്ങിയവ പരീക്ഷാ ഭവൻ സെക്രട്ടറി എസ്.സി.ഇ.ആർ.ടി-ക്ക് നൽകുന്നതുമാണ്. തുടർന്ന് എസ്.സി.ഇ.ആർ.ടി യിലെ ഫിനാൻസ് ഓഫീസറുടെ നേതൃത്വത്തിലുള്ള ആഡിറ്റ് ടീം വരവ് ചെലവുകൾ ആഡിറ്റ് നടത്തുന്നതുമാണ് പ്രസ്തുത ഉത്തരവ് പ്രകാരം തുടർന്നുവരുന്ന രീതി. നിലവിൽ ഈ രീതി മാറ്റുന്ന വിഷയം പരിഗണനയിലില്ല. |
| (സി) | പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ടാണ് തുകയുടെ ചെലവെങ്കിൽ ആയത് പരീക്ഷാ സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലേക്കോ സർക്കാർ ശീർഷകത്തിലേക്കോ മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | 25-06-2012-ലെ G.O.(Ms) No.205/12/G.Edn. ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് കെ-ടെറ്റ് ഫണ്ട് വിനിയോഗിക്കുന്നത്. അതിൻപ്രകാരം കെ-ടെറ്റ് പരീക്ഷയുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും പരീക്ഷാ ഫീസ് ഇനത്തിൽ ലഭിക്കുന്ന തുകയിൽ നിന്നാണ് കണ്ടെത്തേണ്ടത്. പരീക്ഷാ ഭവൻ സെക്രട്ടറിയുടെ ആവശ്യാനുസരണമുള്ള തുക എസ്.സി.ഇ.ആർ.ടി ഡയറക്ടർ അഡ്വാൻസായി അനുവദിക്കുന്നതും ചെലവഴിച്ച തുക സംബന്ധിച്ച എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്, വൗച്ചറുകൾ ധനവിനിയോഗ പത്രം തുടങ്ങിയവ പരീക്ഷാ ഭവൻ സെക്രട്ടറി എസ്.സി.ഇ.ആർ.ടി-ക്ക് നൽകുന്നതുമാണ്. തുടർന്ന് എസ്.സി.ഇ.ആർ.ടി യിലെ ഫിനാൻസ് ഓഫീസറുടെ നേതൃത്വത്തിലുള്ള ആഡിറ്റ് ടീം വരവ് ചെലവുകൾ ആഡിറ്റ് നടത്തുന്നതുമാണ് പ്രസ്തുത ഉത്തരവ് പ്രകാരം തുടർന്നുവരുന്ന രീതി. നിലവിൽ ഈ രീതി മാറ്റുന്ന വിഷയം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ